പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം: 1102

20/03/2012-ൽ മറുപടി
നല്കേണ്ടത്

പന്തളം ഫയർ സ്റ്റേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) പന്തളം ഫയർ സ്റ്റേഷനുവേണ്ടിയുള്ള സ്ഥലമെടുപ്പ് സംബന്ധിച്ചുള്ള റവന്യൂ വകുപ്പിന്റെ നടപടികളുടെ കാലതാമസത്തിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) പന്തളം ഫയർ & റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണത്തിനായി ഭൂമി കൈമാറ്റം ചെയ്യുന്നതിനായി ആവശ്യപ്പെട്ടിരുന്ന കരമ്പാല വില്ലേജിൽ ബ്ലോക്ക് 2ൽ റീസർവ്വെ 96/2ൽ പ്പെട്ട ഭൂമിയിൽ കാവ് പുറമ്പോക്ക് ഉള്ളതിനാൽ ടി സ്ഥലത്ത് ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നത് സംബന്ധിച്ച് തദ്ദേശവാസികൾ തർക്കം ഉന്നയിച്ചിട്ടുള്ളതിനാലാണ് സർവ്വെ നടപടികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്. |
| (ബി) പ്രസ്തുത കാലതാമസം പരിഹരിക്കുന്നതിനായി അടിയന്തിരനടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ? | (ബി) ഇത് സംബന്ധിച്ച സർവെ ജോലികൾ പൂർത്തീകരിച്ചിട്ടുള്ളതും, റിക്കാർഡുകൾ തയ്യാറാക്കിയിട്ടുള്ളതുമാണ്. സത്വരമായ തുടർ നടപടികൾ കൈക്കൊണ്ട് വരികയാണ്. |

സെക്ഷൻ ഓഫീസർ